**എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടറുടെ നടപടി ഉത്തരവ്**
**(ഹാജർ: കെ.എസ്.കുസുമം)**

വിഷയം:- പൊതുവിദ്യാഭ്യാസം - ജീവനക്കാര്യം - പ്രൈമറി സ്കൂൾ പ്രധാനാദ്ധ്യാപകരുടെ സ്ഥലം മാറ്റം 2018-19 - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :- സർക്കാർ ഉത്തരവ് (സാധാ) നം.3934/2018/ പൊ.വി.വ തീയതി 03/10/2018

**ഉത്തരവ് നം. എ5/6637/2018 തീയതി:07.02.2019**

പരാമർശിത സർക്കാർ ഉത്തരവ് പ്രകാരം എറണാകുളം ജില്ലയിലെ പിറവം വിദ്യാഭ്യാസ ഉപജില്ലയിലെ ഗവണ്മെന്റ് എൽ. പി. സ്കൂൾ കളമ്പൂർ , ഗവണ്മെന്റ് യു.പി. സ്കൂൾ കളമ്പൂർ എന്നിവ സംയോജിപ്പിച്ച് ഉത്തരവായിരുന്നു. ടി ഉത്തരവിലെ നിർദ്ദേശാനുസരണം സ്കൂൾ സംയോജനം മൂലം അധികമാകുന്ന ഒരു പ്രധാനാധ്യാപകനെ ജില്ലയിലെ തന്നെ മറ്റേതെങ്കിലും ഒഴിവിലേക്ക് മാറ്റിനിയമിക്കേണ്ടതുണ്ട്. ജില്ലയിൽ പ്രധാനാധ്യാപക തസ്തികയിൽ സ്ഥിരം ഒഴിവ് നിലവിലില്ല. എന്നാൽ തൃപ്പൂണിത്തുറ വിദ്യാഭ്യാസ ഉപജില്ലയിലെ തൃപ്പൂണിത്തുറ ഗവണ്മെന്റ് എൽ. പി. സ്കൂളിൽ 03/01/2019 മുതൽ 02/04/2019 വരെ പ്രധാനാധ്യാപക തസ്തികയിൽ അവധി ഒഴിവ് നിലവിലുണ്ട്. ഈ സാഹചര്യത്തിൽ പരാമർശിത സർക്കാർ ഉത്തരവിലെ നിർദ്ദേശം നടപ്പിൽ വരുത്തി, ജൂനിയർ ആയ കളമ്പൂർ ഗവണ്മെന്റ് എൽ. പി. സ്കൂൾ പ്രധാനാധ്യാപിക ശ്രീമതി സി.എം. പ്രസന്നകുമാരിയെ തൃപ്പൂണിത്തുറ ഗവണ്മെന്റ് എൽ.പി. സ്കൂളിലെ നിലവിലുള്ള അവധിയൊഴിവിലേക്ക് ഉടൻ പ്രാബല്യത്തിൽ മാറ്റിനിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു. വിടുതൽ ചെയ്യുന്നതിന് മുൻപായി കളമ്പൂർ ഗവണ്മെന്റ് എൽ.പി.സ്കൂളിലെ എല്ലാ രേഖകളും രജിസ്റ്ററുകളും കളമ്പൂർ ഗവണ്മെന്റ് യു.പി.സ്കൂൾ പ്രധാനാധ്യാപകന് കൈമാറേണ്ടതാണ്.

ഉത്തരവ് നടപ്പിൽ വരുത്തിയ വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

OFFICE OF THE DEPUTY DIRECTOR (EDUCATION) ★ KOCHI-30 ERNAKULAM

**വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ**
**എറണാകുളം**

സ്വീകർത്താവ്:

1. പ്രധാനാധ്യാപിക
   ഗവണ്മെന്റ് എൽ. പി. സ്കൂൾ കളമ്പൂർ

2. പ്രധാനാധ്യാപകൻ
ഗവണ്മെന്റ് യു.പി.സ്കൂൾ കളമ്പൂർ
3. ഉപജില്ലാവിദ്യാഭ്യാസ ഓഫീസർ
പിറവം (സൂചനയിൽ പ്രതിപാദിച്ചിട്ടുള്ള സർക്കാർ ഉത്തരവ് പ്രകാരം സ്കൂളുകളുടെ ലയനത്തിന് ആവശ്യമായ നടപടി കൈക്കൊള്ളേണ്ടതാണ്.)
4. ഉപജില്ലാവിദ്യാഭ്യാസ ഓഫീസർ, തൃപ്പൂണിത്തുറ
5. www.transferandpostings.in. എന്ന വെബ് സൈറ്റ്
6. സ്റ്റോക്ക് ഫയൽ.